LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ.-യിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീ സാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2011-ലെ സെൻസസ് ഡാറ്റായെ അവലംബിച്ച്, രാജ്യത്തെ 2500 പിന്നോക്ക ബ്ലോക്കുകളെ, സംസ്ഥാനത്തെ 22 ബ്ലോക്കുകൾ അടക്കം ഐ.പി.പി.ഇ.യിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴിലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീ സാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘടകങ്ങൾ വിലയിരുത്തി ഈ ഗണത്തിൽ ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തെ 50 ബ്ലോക്കുകളുടെ ലിസ്റ്റ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത ബ്ലോക്കുകളിൽ ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

പ്രാപ്പൊയിൽ-ചുരപ്പടവ്-ചട്ടിവയൽ റോഡ്

36 (3319) ശ്രീ. സി. കൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പ്രാപ്പൊയിൽ-ചുരപ്പടവ്-ചട്ടിവയൽ റോഡ് അഭിവൃത്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചെറുപുഴ ഗ്രാമപഞ്ചായത്തിലെ പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. -2 പദ്ധതി പ്രകാരമുള്ള 570 കിലോമീറ്റർ റോഡ്

37 (3320) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജി.എസ്.വൈ. -2 അനുസരിച്ച് 570 കിലോമീറ്റർ റോഡ് അനുവദിച്ചുകൊണ്ടുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ നിന്നും എപ്പോഴാണ് ലഭിച്ചതെന്ന വ്യക്തമാക്കുമോ ;

(ബി) അതനുസരിച്ചുള്ള ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ; എപ്പോഴേയ്ക്ക് സമർപ്പിക്കാൻ കഴിയും എന്നറിയിക്കുമോ ;

(സി) പ്രസ്തുത 570 കിലോ മീറ്ററിൽ കണ്ണൂർ ജില്ലയ്ക്ക് എത്ര കിലോമീറ്റർ റോഡാണ് ടാർജറ്റ് നിശ്ചയിച്ചിരിക്കുന്നത് ; ടാർജറ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) 2013 നവംബർ 26-ലെ കേന്ദ്ര ഗവൺമെന്റ് കത്തുമുഖേനയും 29.01.2014 തീയതിയിലെ എംപവേർഡ് കമ്മിറ്റി യോഗതീരുമാനപ്രകാരവുമാണ് 570 കി.മീ. റോഡ് അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly